ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 279-ാം ദിവസം

നതേƒസ്തി സ്വപരഭ്രാന്തിർവിശ്വസ്യ സുഹൃദാത്മന:
തഥാപി സ്മരതാം ശശ്വത് ക്ലേശാൻ ഹംസി ഹൃദി സ്ഥിത: **(10-58-10)**

*ശുകമുനി തുടർന്നു:*
ഒരിക്കൽ കൃഷ്ണൻ പാണ്ഡവരെ സന്ദർശിക്കാനായി ഇന്ദ്രപ്രസ്ഥത്തിലേക്ക് പോയി. പാണ്ഡവരും അവരുടെ അമ്മയായ കുന്തീദേവിയും കൃഷ്ണനെ സ്നേഹബഹുമാനപുരസ്സരം സ്വീകരിച്ചു. കുന്തി പറഞ്ഞു. "അങ്ങ് ഞങ്ങളുടെ സൗഖ്യമന്വേഷിക്കാൻ അക്രൂരനെ അയക്കുമ്പോൾ പോലും ഞങ്ങൾക്കു സൗഭാഗ്യമായി എന്ന് ഞങ്ങൾ കരുതി. അങ്ങേയ്ക്ക് അവിടുത്തേപ്പറ്റിയോ മറ്റുള്ളവരെപ്പറ്റിയോ മായാമോഹങ്ങളൊന്നുമില്ല. കാരണം അങ്ങ് എല്ലാവരുടെയും സർവ്വന്തര്യാമിയും അഭ്യുദയകാംക്ഷി യുമത്രെ. എന്നാൽ അങ്ങയെപ്പറ്റി ചിന്തിക്കുന്നവരുടെ ഉള്ളിൽ നിവസിച്ചു കൊണ്ട് അവരുടെ ദുരിതങ്ങൾ ഇല്ലായ്മ ചെയ്യുന്നതും അവിടുന്നു തന്നെ." കൃഷ്ണൻ പാണ്ഡവരോടൊപ്പം കുറെ മാസക്കാലം ചിലവഴിച്ചു.

ഒരു ദിവസം കൃഷ്ണൻ അർജുനനോടൊപ്പം വനത്തിൽ പോയി. അവിടെ ഒരു സുന്ദരതരുണി ഏകയായി വസിക്കുന്നതു കണ്ടു. അന്വേഷിച്ചതിൽ അവളുടെ പേര് കാളിന്ദി എന്നാണെന്നും ഭഗവാനെ മാത്രമേ വരിക്കൂ എന്ന് ശപഥം ചെയ്ത് കഠിനമായ തപശ്ചര്യകളിലേർപ്പെട്ടിരിക്കുകയാണെന്നും അർജുനൻ മനസ്സിലാക്കി. കൃഷ്ണനോട് അർജുനൻ കാര്യങ്ങൾ പറഞ്ഞതനുസരിച്ച് ഭഗവാൻ അവളെ നഗരത്തിലേക്ക് കൂട്ടികൊണ്ടു പോയി. പിന്നീടൊരിക്കൽ അർജുനൻെറ തേരാളിയായി നിന്നു കൊണ്ട് കൃഷ്ണൻ ഖാണ്ഡവവനത്തെ അഗ്നിയ്ക്കു സമർപ്പിച്ചു. ഇതിൽ സംപ്രീതനായ അഗ്നിദേവൻ അർജുനനു ഖാണ്ഡീവം എന്ന ആഗ്നേയാസ്ത്രം സമ്മാനിച്ചു. കൂടെ നല്ലൊരു തേരും. അതേ സമയം അഗ്നിയിൽ നിന്നും തന്നെ രക്ഷിച്ചതിന് നന്ദിയായി മയൻ യുധിഷ്ഠിരനു വേണ്ടി നല്ലൊരു കൊട്ടാരം പണിതു കൊടുത്തു. അതിൽ നിറയെ ദൃഷ്ടി വ്യാമോഹങ്ങളുണ്ടാക്കുന്ന പണിത്തരങ്ങൾ ഒരുക്കിയിരുന്നു.

ദ്വാരകയിലേക്ക് മടങ്ങിയ കൃഷ്ണൻ കാളിന്ദിയെ വിവാഹം കഴിച്ചു. കുറച്ചുകാലം കഴിഞ്ഞ് അവന്തിയിലെ വിന്ദൻെറയും അനുവിന്ദൻെറയും സഹോദരിയായ മിത്രാവിന്ദ തന്നെ വരിക്കാനുറച്ചിരിക്കുന്നു എന്നു മനസ്സിലാക്കിയ കൃഷ്ണൻ ബലമായി അവളെ വിളിച്ചിറക്കി കൊണ്ടു വന്ന് പാണിഗ്രഹണം ചെയ്തു.

നഗ്നജിത്ത് കോസലരാജ്യത്തെ രാജാവായിരുന്നു. മകൾ സത്യക്ക് അനുരൂപനായ ഒരാളെ കണ്ടെത്താനുള്ള ശ്രമത്തിൽ രാജാവ് ഒരു നിബന്ധന വച്ചിരുന്നു. ഏഴു കൂറ്റൻ കാളകളെ മെരുക്കിയൊതുക്കുന്ന ഒരാൾക്ക് മാത്രമെ തൻെറ മകളെ നൽകൂ എന്നായിരുന്നു അത്. പലേ രാജകുമാരൻമാരും കാളകളൊട് പൊരുതി എല്ലു നുറുങ്ങി മടങ്ങിപ്പോയി. ഒരു ദിവസം കൃഷ്ണൻ കൊട്ടാരത്തിൽ ചെന്നു. രാജാവ് ആഹ്ലാദത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു. കൃഷ്ണൻ കുമാരിയെ ചോദിച്ചു. രാജാവിനു സന്തോഷമായിരുന്നു. കുമാരി കൃഷ്ണനിൽ അനുരക്തയുമായിരുന്നു. എന്നാൽ തൻെറ നിബന്ധന രാജാവ് കൃഷ്ണനെ അറിയിച്ചു. സ്വയം ഏഴായി പെരുകി കൃഷ്ണൻ വെറുമൊരു ലീലയായി ഏഴു കാളകളെയും മെരുക്കി ഒതുക്കി. സന്തുഷ്ടനായ രാജാവ് പുത്രിയെ കൃഷ്ണനു നൽകി. വളരെയേറെ സ്ത്രീധനവും നൽകി. രാജകുമാരിയെ പാണിഗ്രഹണം ചെയ്യാൻ ശ്രമിച്ചു തോറ്റ കുമാരൻമാർ വഴിയിൽ ദമ്പതിമാരെ തടഞ്ഞുവെങ്കിലും അർജുനൻ എല്ലാവരെയും ആട്ടിയകറ്റി. പിന്നീട് കൃഷ്ണൻ തൻെറ മുറപ്പെണ്ണായ ഭദ്രയെ വിവാഹം ചെയ്തു. അദ്ദേഹം ലക്ഷ്മണ എന്നു പേരായ മദ്രരാജകുമാരിയെയും കൂട്ടിക്കൊണ്ടു വന്നു. മാത്രമല്ലാ നരകാസുരൻ തടങ്കലിലാക്കി വച്ചിരുന്ന രാജകുമാരിമാരെ രക്ഷിച്ച് അവരെ വിവാഹം കഴിക്കുകയും ചെയ്തു കൃഷ്ണൻ.